## പതിനാലാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1587** **14-07-2016-ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങലിലെ താലൂക്ക്തല ഭാഗ്യക്കുറി ഓഫീസ്**

| | ചോദ്യം<br><br>ശ്രീ. ബി.സത്യൻ | | മറുപടി<br><br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | 25-02-2016-ലെ സ.ഉ.(കൈ) നം. 40/2016/നി.വ. പ്രകാരം ആറ്റിങ്ങലിൽ അനുവദിച്ച താലൂക്ക്തല ഭാഗ്യക്കുറി ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കാമോ; | (എ) യും (ബി) യും | ഇല്ല. താലൂക്കുതല ഓഫീസിന്റെ പ്രവർത്തനങ്ങൾക്കായി പുനർവിന്യാസം/ ഡെപ്യൂട്ടേഷൻ മുഖാന്തിരം ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാത്തതിനാൽ ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല. ആയതിനാൽ നിലവിലുള്ള താലൂക്കുതല വിൽപ്പന ഔട്ട്ലറ്റിലൂടെ ടിക്കറ്റ് വിതരണം മാത്രമാണ് നടത്തിവരുന്നത്. |
| (ബി) | ഈ ഓഫീസിൽ ഏതെല്ലാം തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നതെന്നും ജനങ്ങൾക്ക് എന്തെല്ലാം തരത്തിലുള്ള സേവനങ്ങളാണ് ഇവിടെനിന്നും ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ; | | |
| (സി) | ഈ ഓഫീസിന് അനുവദിച്ച തസ്തികകളിലേക്ക് ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വിശദമാക്കാമോ? | (സി) | ഈ ഓഫീസിന് അനുവദിച്ച തസ്തികകളിലേക്ക് പുനർവിന്യാസം/ ഡെപ്യൂട്ടേഷൻ മുഖേന ജീവനക്കാരെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**